# നിറഭേദങ്ങൾ




## സെന്റ് മേരീസ് ജി.എച്ച്.എസ്
## കുഴിക്കാട്ടുശ്ശേരി


GOLDEN JUBILEE MEMORIAL


S.M.G.H.S.
LEARN
LOVE
LIVE

# ആമുഖം

ഭാവനകൾക്ക്നിറം പകർന്ന ചായക്കൂട്ടുകൾ....

അറിവിന്റെ വാതായനങ്ങൾ

സാങ്കേതികത...

വിരൽത്തുമ്പിൽ വിരിയുന്ന മായാലോകം..

അക്ഷരങ്ങൾ..അവ അന്യങ്ങളല്ല നമുക്കിനിയും -

വായനയുടെ അനന്തസാധ്യതകൾ ഈ

നിറഭേദങ്ങളിലൂടെ

തിരിച്ചറിയൂ.....

# സന്ദേശം

വായനയുടെ ലോകത്തെ സാങ്കേതികത കടത്തിവെട്ടുന്ന ഇക്കാലത്ത് വായനയുടെ മനോഹാരിതയും സാങ്കേതികതയുടെ മികവും സമ്മിശ്രമായി സമ്മേളിക്കുന്ന ഒരു ഉദ്യമം.! നിറഭേദങ്ങൾ ചാരുത ചാർത്തുന്ന സ്കൂൾ ലിറ്റിൽ കൈറ്റ്സ് അവതരിപ്പിക്കുന്ന ഒരു ഉപഹാരം. ഈ പട്ടത്തിനൊപ്പം പറക്കുന്നത് ഓരോ കുട്ടിയുടെയും ഭാവനകളാണ്. അവയ്ക്ക് ചിറകുകൾ കൊടുക്കുന്നതോ നൂതന സാങ്കേതികതയും .

കുട്ടികളുടെ കലാസാഹിത്യസൃഷ്ടികൾ കൂട്ടിയിണക്കി അണിയിച്ചൊരുക്കിയതാണ് "നിറഭേദങ്ങൾ" എന്ന ഇ-മാഗസിൻ.ഓരോകുഞ്ഞും അറിവിന്റെ അനന്തവിഹായസ്സിൽ പട്ടം പോലെ പറന്നുനടക്കട്ടെ...ഒരു ചരടായ് നമുക്കവരെ പിന്തുണയ്ക്കാം.വായനയുടെ മായാലോകത്ത് വിഹരിച്ചുകൊണ്ട് ആധുനിക വിദ്യാഭ്യാസത്തിന്റെ പൂർണ്ണതയിലേക്ക് എത്താൻ ലിറ്റിൽ കൈറ്റ്സ് സംരംഭങ്ങൾക്ക് ആകട്ടെ എന്ന് ആശംസി ക്കുന്നു

**HEADMISTRESS**
**SR. MINI K.X**




14-08-2018








03-08-2018


01-06-2018






08 08 2018


മികവുത്സവം-2018
കുഴിക്കാട്ടുശ്ശേരി സെന്റ് മേരീസ് ഗേൾസ്
ഏപ്രിൽ 9,10 തിയ്യതികളിൽ
ഉദ്ഘാടനം 10.00 am ഏപ്രിൽ 10
നാടൻപാട്ട് കരകൗശലവസ്തു നിർമ്മാണ പരിശീലനം
വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക നായകന്മാരുടെ
അക്കാദമിക മികവ് അവതരണം, പാഠപുസ്തക
ഏവർക്കും സ്വാഗതം
10 04 2018




21 06 2018



# എഡിറ്റോറിയൽ ബോർഡ്


സാറ ജോഷി

മഞ്ജു കെ.വി

അൻസിയ നസീർ

ദേവിക പി.യു

അയ്ഷാ മോൾ

അക്ഷര കെ.എസ്

അന്നമോൾ കെ.ആർ

ഫാത്തിമ ബീവി

# അകത്താളുകൾ .......


ചേട്ടൻെറ സാമീപ്യം
ആകാശത്തിലെ മണിമുത്ത്
പരസ്പരം ഉണ്ടായിരിക്കണ്ട വിശ്വാസം
ഒരു വെളുത്ത പക്ഷി
കേരളഹരിതം
പെയ്യൊഴിയാതെ
അന്തരീക്ഷമലിനീകരണം
ചിരി
മഴയിൽ കുതിർന്ന സ്വപ്നങ്ങൾ
നിശാഗന്ധി
പുനർജന്മ
കുടുംബം
വിഡ്ഢിയായ കാക്ക
മറുപടിപറയുന്ന പുഴകൾ
ചിലന്തിവലയും ഞാനും
ഞാൻ ആശിക്കുന്ന .................
പിരിയുന്ന വേദന

# ചേട്ടൻെറ സാമീപ്യം

ഒരു  മഴയുള്ള ദിവസം. അവൾ മഴയത്ത് കളിക്കുകയാണ്. അതാ  കുട ചൂടി അവളെ



അതിൽ കയറ്റാൻ എത്തുന്ന  തന്റെ  ചേട്ടൻ. ചേട്ടൻ അവളെ വിളിച്ചു, മീനക്കുട്ടി.......... അവൾ ചേട്ടന്റെ അരികിലേക്ക് പാഞ്ഞു. ചേട്ടന്റെ സാമീപ്യം, അവളെ കൂടുതൽ സന്തോഷിപ്പിച്ചിരുന്നു. അവൾക്ക് എന്തു പ്രശ്നം വന്നാലും ചേട്ടൻ ഉണ്ടായിരുന്നു കൂട്ട്. ഒരുദിവസം അവൾ പള്ളിക്കൂടത്തിൽ പോയി. അവളുടെ കൂട്ടുകാരി മനോഹരമായ കുപ്പിവളകൾ അണിഞ്ഞിരിക്കുന്നു. മീനു കുട്ടിക്ക് മോഹം തോന്നി. അന്ന് വൈകുന്നേരം കൂട്ടുകാരിയുടെ വീട്ടിൽ  മീനു കളിക്കാൻ പോയി. അവിടെ ഈ വള ഇരിക്കുന്നത് കണ്ടു മീനു  എടുത്തു . അത് അവളുടെ മുറിയിൽ സുരക്ഷിതമായി വച്ചു. ഇത് ചേട്ടൻ കണ്ടു ചോദിച്ചു : " നീ എന്താണ് ഇവിടെ വച്ചത്"?" ഒന്നും ഇല്ല ചേട്ടാ".

" അല്ല എന്തോ ഉണ്ട് എന്നോട് പറയൂ"

"എന്റെ കൂട്ടുകാരുടെ  വളയാണ്.  എനിക്ക് അതിൽ മോഹം തോന്നി. അപ്പോൾ എടുത്തതാണ്."  " അങ്ങനെ ചെയ്യരുത്,  ചീത്ത കുട്ടികളാണ് അങ്ങനെ ചെയ്യുക". ചേട്ടൻ തുടർന്നു."ഞാൻ നിനക്ക്  അതുപോലൊരു കുപ്പിവളകൾ വാങ്ങിച്ചു തരാം."

" ഉം" എന്ന വാക്കിൽ അവൾ ഒതുങ്ങി.ആ വളകൾ അപ്പോൾ  തന്നെ മീനു  കൂട്ടുകാരിക്ക് തിരികെ കൊടുത്തു.

പിറ്റേദിവസം രാവിലെ ആയിട്ടും മീനക്കുട്ടി ഉറക്കത്തിലാണ്,  സൂര്യൻ വന്നു അവളെ ഉണർത്താൻ ശ്രമിക്കുന്നു. കിളികളുടെ സ്വരവും കൂട്ടിനുണ്ട്.അവൾ ഉണർന്നു .തൻെറ ജന്മദിനമാണ് ഇന്ന് അവൾ ഓർത്തു.അതാ മേശയുടെ അടുത്ത ചേട്ടൻ നിൽക്കുന്നു ചേട്ടൻ അവളെ അഭിനന്ദിച്ച്  സമ്മാനമായി അവൾ ആഗ്രഹിച്ചത് പോലെയുള്ള മനോഹരമായ കുപ്പിവളകൾ സമ്മാനിച്ചു. ചേട്ടൻ എപ്പോഴും അവളുടെ കൂടെയുണ്ട്. മീനു കുട്ടിക്ക് വേണ്ടി  എന്തും ചേട്ടൻ ചെയ്യാൻ തയ്യാറാണ്. മീനു കുട്ടിയുടെയും അവളുടെ ചേട്ടനെയും കഥ തുടരുന്നു. സന്തോഷവും സമാധാനവുമുള്ള ജീവിതം. മാതാപിതാക്കൾ ഇല്ലാത്ത കുറവ് ചേട്ടൻ ഇതുവരെ പ്രകടിപ്പിച്ചിട്ടില്ല മീനു കുട്ടിയോട്. അവളുടെ ജീവിതം വലിയ പുഴ ഒഴുകുന്നത് പോലെ ഒഴുകുകയാണ്.

ഐഷാ മോൾ 9 ഡി


# ആകാശത്തിലെ മണിമുത്ത്

ആകാശത്തിൽ നിന്ന്,

താഴേക്ക് വീഴുന്ന മണിമുത്തേ,

നിന്നെ കാണാനെന്തു രസം.

നിന്നെ തൊടുമ്പോൾ എന്തു സുഖം.
(ആകാശത്തി...)



ആകാശത്തിലെ വാസം നിനക്ക്

ഇത്രയധികം മടുത്തുവോ

താഴേക്കിറങ്ങി ഭൂമിയെ കാണാൻ നിനക്കു

ഇത്രയധികം തിടുക്കം എന്തേ (2)
(ആകാശത്തി.....)



ആകാശത്തിലെ കൂട്ടുകാരായ

മിന്നലും ഇടിവെട്ടും

നിന്നെ പിരിഞ്ഞപ്പോൾ എന്ത

വേദന അനുഭവിച്ചിട്ടുണ്ടാകും

(ആകാശത്തി.... )

മഞ്ജു കെ. വി 9 സി

# പരസ്പരം ഉണ്ടായിരിക്കണ്ട വിശ്വാസം

ഒരിടത്ത് ബില്ലി എന്നും പൂസി എന്നും പേരുള്ള രണ്ടു  പൂച്ചകൾ ഉണ്ടായിരുന്നു.പൂസ്സി നല്ല വെളുത്തതായിരുന്നു.ബില്ലിക്ക് പൂസിയെക്കാളും നിറം കുറവായിരുന്നു.അതായിരുന്നു അവരുടെപ്രശ്നം. ഏതോ ഒരു കാര്യത്തിനുവേണ്ടി തർക്കിക്കുന്ന സമയത്ത് അവരുടെ മുൻപിൽ രണ്ടു മീനുകൾ ശ്രദ്ധയിൽപ്പെട്ടു. ഒരു ചാളയും ഒരു അയിലയും. പൂസിക്ക് ചാളയോടാണ് താൽപര്യം. എന്നാൽ ബില്ലിക്ക് അയിലയോടും. ചാളയാണ് രുചി എന്നും അയില എന്തിനു കൊള്ളാം എന്നും പൂസി ബില്ലിയോട് ചോദിച്ചു. അപ്പോൾ ബില്ലി പറഞ്ഞു. ഹയ്യടാ, അയിലയെക്കാളും ഒരു മീനും ഈ ലോകത്തില്ല. ഇതും പറഞ്ഞ് അവർ രണ്ടു പേരും വഴക്കിട്ടു.അപ്പോഴാണ് കുറുനരി എന്ന സൂത്രക്കാരനായ കുറുക്കൻ അതുവഴി വന്നത്. പൂസിയും ബില്ലിയും വഴക്ക്കൂടുന്നത് അവൻറെ ശ്രദ്ധയിൽപ്പെട്ടു . ബുദ്ധിയും ബോധവും ഇല്ലാത്ത മണ്ടന്മാരായ പൂച്ചകളെ പറ്റിച്ച് മീൻ തിന്നാൻ കുറുനരി മനസ്സിൽ





തീരുമാനമെടുത്തു. എന്നാൽ പൂച്ചകൾ കുറുനരിയെ കണ്ടപ്പോൾ ഇരുവർക്കും സമാധാനമായി.പൂച്ചകൾ കുറുനരിയെ സ്നേഹത്തോടെ 'ചേട്ടാ 'എന്നാണ് വിളിച്ചത്. അവർ കുറുനരിയോട് പറഞ്ഞു: ചേട്ടാ ഇവൻ പറയുന്നു ചാളയ്ക്കാണ് കൂടുതൽ രുചിയെന്ന്.എന്നാൽ ഞാൻ പറയുന്നു അയലക്കാണെന്ന്. ഇതിൽ ഏതിനാണ് കൂടുതൽ രുചിയെന്ന് ചേട്ടൻ പറയൂ. കുറുനരി രണ്ടു മീനും മണത്തുനോക്കി. സൂത്രക്കാരനായ കുറുനരി പറഞ്ഞു ഇതങ്ങനെ പെട്ടെന്നു പറയാൻ പറ്റില്ല. കുറച്ചു സമയമെടുക്കും കൂട്ടരേ.അവർ പറഞ്ഞു: എത്ര സമയം എടുത്താലും കുഴപ്പമില്ല.അപ്പോൾ തന്നെ  സൂത്രക്കാരനായ കുറുനരി രണ്ടുമീനും അകത്താക്കി.അല്പസമയം ഒന്നും മിണ്ടാതെ കണ്ണടച്ചിരുന്നു.എന്നിട്ട് പറഞ്ഞു: ചാളയും അയിലയും ഒരു കുഴപ്പം ഇല്ലാതെ ഞാൻ തിന്നു.

അതിലെ ഏറ്റവും കൂടുതൽ രുചി എന്ന് പറയാൻ എൻറെ നാവു സമ്മതിക്കുന്നില്ല. ഒരുമയോടെ പരസ്പരമുള്ള വിശ്വാസമാണ് ഈ ലോകത്തിൽ ഏറ്റവും വലുത് കൂട്ടരേ. ഇതും പറഞ്ഞു സൂത്രക്കാരനായ കുറുനരി സ്ഥലംവിട്ടു.അവർക്കു പറ്റിയ അമളി പിന്നീടാണ് പൂസിക്കും ബില്ലിക്കും മനസ്സിലായത്.സൂത്രക്കാരനായ കുറുനരി സ്ഥലംവിട്ടു.

**ജോസ്ന പോൾ  9 ബി**

# ഒരു വെളുത്ത  പക്ഷി



ഒരു യാത്രക്കാരൻ വിജനമായ മരുഭൂമിയിലൂടെ നടക്കുകയായിരുന്നു .അയാൾ വെള്ളം കുടിച്ചിട്ട് ദിവസങ്ങളായി.

അങ്ങനെ ദാഹിച്ചുവലഞ്ഞ് അയാൾ  നടക്കുമ്പോൾ എവിടെനിന്നോ  ഒരു വെള്ളം  വീഴുന്നതിന്റെ ശബ്ദം കേട്ടു.

അയാൾ അവിടേക്ക് നടന്നു. ഒരു ചാൽ  കീറിയത് പോലെ  വെള്ളംഒഴുകുന്നു.  സന്തോഷം കൊണ്ട് അയാൾ മനസ്സിൽ തുള്ളിച്ചാടി  ദൈവത്തെ സ്തുതിച്ചു. അങ്ങനെ



അയാൾ അതിൽനിന്ന് ഒരു കൈക്കുമ്പിൾ വെള്ളം എടുത്തു. കുടിക്കാൻ വായിലേക്ക് കൊണ്ടുവന്നപ്പോൾ എവിടെനിന്നോ ഒരു വെളുത്ത പക്ഷി അയാളെ വന്നു കൊത്തി. അയാൾക്ക് ദേഷ്യം സഹിക്കാനായില്ല. അയാൾ വെള്ളം അവിടെ  ഇട്ടു. പക്ഷിയെ  ഓടിപ്പിച്ചു.എന്നിട്ട് പിന്നെയും വെള്ളമെടുത്തു. അപ്പോഴും ആ പക്ഷി വന്ന് അയാളെ  കൊത്തി. അയാൾ അതിനെ കല്ലെടുത്തെറിഞ്ഞു. വീണ്ടും ഇതുതന്നെ ആവർത്തിച്ചു. അയാൾ ആ പക്ഷിയെ എടുത്ത് വെള്ളത്തിൽ ഇട്ടു. ഇട്ട താമസം അത് വിഷം തീണ്ടിയ  പോലെ നീലനിറമായി പിടഞ്ഞു പിടഞ്ഞു ചത്തു. അയാൾ അത്ഭുതസ്തബ്ധനായി. അതിൻറെ കാരണം അന്വേഷിച്ച് അദ്ദേഹം അരുവിയുടെ ഉറവിടത്തിലേക്ക് നടന്നു. അപ്പോളതാ അവിടെ ഒരു വിഷസർപ്പം അരുവിയിലേക്ക് വിഷം കക്കിയിടുന്നു. അയാൾ ഭയന്നു വിറച്ചു. ഒപ്പം അയാൾക്ക് അടക്കാനാവാത്ത സങ്കടവും ഉണ്ടായി. കാരണം തൻറെ ജീവൻ രക്ഷിച്ച പക്ഷിയെ അയാൾ മരണത്തിലേക്ക്  തള്ളിവിട്ടല്ലോ. അയാൾ ദുഃഖിതനായി വേറെ ഒരു നീരുറവ തേടി നടന്നു.

**ഹനാൻ ഇക്ബാൽ**

# കേരളഹരിതം

വണ്ടു കേരളത്തെ മനോഹരമാക്കിയ
ഹരിതഭംഗി എവിടെയാണ്. ഈ കാല-
ത്തിൽ നിന്നെ കാണുന്നില്ല.നിന്നെ
തിരയുകയാണ് ഞങ്ങൾ.കേരളത്തെ
പച്ചപ്പാൽ മോഹനംആക്കിയനിന്നെ
തിരയുകയാണ്. ഇപ്പോൾ ഇതാ
ജനങ്ങൾ നിന്നെ കൊല്ലുകയാണ്.
നിന്നഭാവത്തിൽ ജനങ്ങൾ ദുരിത-
മനുഭവിക്കുന്നു എവിടെയാണ് നീ-
നിന്നെ എല്ലാവർക്കും ആവശ്യ-
മുണ്ട്. ശുദ്ധവായു ശ്വസി-
ക്കാൻ ആവശ്യമുണ്ട്. എവിടെയാണ്
നീ. കേരള ഹരിതമോഹനമെ നീ
വരൂ നിന്നെ തിരയാത്ത സ്ഥലമില്ല.
എല്ലായിടത്തും ശൂന്യം. ചില
സ്ഥലത്ത് കാണുന്നു, നിൻ
അഭാവം. ദുഃഖത്തിൽ എത്തിക്കുന്നു.
നീ വരൂ നിന്നെ കാത്തിരിക്കുന്നു
നിന്നെ സ്നേഹിക്കുന്നവർ
നിനക്കായി കാത്തിരിക്കുന്നു.





**ഐഷാ മോൾ 9 ഡി**

# പെയ്തൊഴിയാതെ

തൻ സ്നേഹത്തെ വെള്ളമാകുന്ന മാരിയായ് ചാലിച്ച്



മനം കവരുന്ന ഒരു മാലാഖ
വെള്ള നിറമാകുന്ന
പഞ്ഞിക്കെട്ടുകൾക്കിടയിലൂടെ
നുഴഞ്ഞുകയറി കറുത്ത കാർമേഘമായി
നീ പാരിൽ വന്നുവീണു

ഒരുതുള്ളി കണ്ണുനീർ കുടം പോലെ എൻറെ
നേത്രങ്ങളിൽ വന്നുവീണു
ആഴത്തിൽ ആണ്ടു നിന്നോർമ്മകൾ
നിർത്താതെ തോരാതെ നീ പെയ്തു
ആരും പറഞ്ഞില്ല നിന്നോട് നിർത്തുവാൻ
എന്നാകിലും നീ തീരാ ദുഃഖത്തോടെ അല്ലാതെ
വന്നില്ലല്ലോ എന്നാകിലും അപ്പോൾ
തൻ വാത്സല്യത്തെ മധുവായ് വിരിയിച്ച
ആരോടൊക്കെയോ നീ പിണങ്ങി
നിൽക്കുവാൻ പറഞ്ഞിട്ടും നിർത്താതെ നിൻ



അശ്രുകണങ്ങൾ എന്നപോൽ മൊഴിയിൽ
എപ്പോഴോ കണ്ടു നിൻ ശാന്തത
ആരെയോ നോക്കി തേങ്ങീടുമ്പോൾ
അമ്മയെ പോലെ നിൻ സ്നേഹ സുമങ്ങൾ
വിരിയിച്ച പൂമൊട്ടുകൾ
ആരെയോ വേദനിപ്പിച്ചു വേദനിപ്പിക്കാതെ
പോയ വഴി നീ തിരിഞ്ഞുനോക്കി
അടക്കുവാൻ കഴിയാതെ പൊത്തി പിടിച്ചു നീ
നിൻ മുഖത്ത് ആരും കാണാതെ
എത്രപേർ നിന്നെ ശപിച്ചിരുന്നു എന്നാലും
എത്രപേർ നിന്നെ നമിച്ചിടുന്നു
തൻ വിരഹത്തെ തൻ ക്രോധത്തെ - എല്ലാം

പക പോലെ പെയ്തൊഴിയാതെ പകലിൻ
മറവിലും എത്തി നോക്കി - പോകും
ഇരുട്ടിനെ കൂട്ടാക്കി നിന്നവൾ ആണ് നീ
ഒഴിയാബാധ എന്ന മുദ്രകുത്തി ചിലർ
എന്നിട്ടും വാശിയോടെ നീണ്ടുനിന്നു നീ
നാശം വിതച്ചു പോയ് നീ എന്നു
കേൾകാക്കിലും
സത്യമായി തീർന്നു ഭൂമിയിൽ
തിന്മയായി നിന്നെ കാണുന്നു ചിലർ
എന്നാലും നന്മയായി നീ വാഴുന്നു
സത്യത്തിൻ
കണ്ണുനീർ കണങ്ങൾ പോലെ
തൻ ഭൂമിയുടെ മാതാവ് പോലെ നീ വാണു
ഈ ഭൂമി തൻ സംഗീതം പോലെ
നിൻ സ്വരം ഞാൻ കേൾക്കുന്നു ദൂരെ



ദൂരെ ആകാശത്തിലെ കോണിൽ
ഞാൻ നിന്നെ കാണുന്ന നേരവും
വിങ്ങിപ്പൊട്ടി നിൽക്കുന്നു എല്ലാം
സാക്ഷിയായി
നിൻ പെയ്തൊഴിയാത്ത സംഗീതത്തെ
കൂട്ടിച്ചേർത്തു ഞാൻ പാടാം
ആർക്കോവേണ്ടി നീ മായാതെ പെയ്യുന്നു
ആരെയോ കാത്തു നീ നിൽപ്പൂ.



**അഖില എ എസ് 9 സി**

# അന്തരീക്ഷമലിനീകരണം



അന്തരീക്ഷത്തിൽ പുകയും വിഷ മാലിന്യങ്ങളും മറ്റു രാസപദാർത്ഥങ്ങൾ കലരുന്നതുമൂലം ഉണ്ടാകുന്ന മലിനീകരണമാണ് ഇത്. മനുഷ്യൻറെയും ഭൂമിയിലെ മറ്റു ജീവജാലങ്ങളുടെയും നിലനിൽപ്പിനുതന്നെ ഇത് ഭീഷണിയാകാൻ ഇടയുണ്ട്. അന്തരീക്ഷ മലിനീകരണം മൂലം അമ്ലമഴ ഉണ്ടാകുന്നു. അതായത് ആസിഡ് റെയിൻ (acid rain) . പെട്രോളിയം ഇന്ധനങ്ങൾ കത്തുമ്പോൾ അതിൽനിന്നും വരുന്ന നൈട്രജൻറെയും സൾഫറിൻറെയും ഓക്സൈഡുകൾ ( $NO_2$,$SO_2$) അന്തരീക്ഷത്തിൽ എത്തി ഓക്സിജനും നീരാവിയുമായി ചേർന്ന് നൈട്രിക്, സൾഫ്യൂരിക് അമ്ളമഴ ഉണ്ടാകുന്നു. ഇതുപോലെ മറ്റനേകം ദോഷങ്ങൾ അന്തരീക്ഷ മലിനീകരണം മൂലം ഉണ്ടാകുന്നു.

നന്ദന പി എസ്   9 സി

# ചിരി

കൊച്ചു കൊച്ചു സന്തോഷങ്ങൾ




കോർത്തു വെക്കുന്ന

സൗഹൃദം ഉണ്ടായിരുന്നു എനിക്ക്

ചിരിക്കും ചിന്തിപ്പിക്കും

കൊച്ചുകൊച്ചു സങ്കടങ്ങളും

ഉണ്ടായിരുന്നു എനിക്ക്


ചിരിപ്പിക്കും ഓരോരുത്തരും



കൊച്ചുകൊച്ചു പിണക്കങ്ങൾ

ഉണ്ടായിരുന്നു എനിക്ക്

ചിരിപ്പിക്കും മറ്റുള്ളവരെ



ചിന്തിപ്പിക്കും എന്നെ

കലപില പോൽ

വർത്തമാനം പറയും

കലപില പോലെ ഓടി നടക്കും

ക്ലാസ്സിലും ഞങ്ങൾ ഒന്നായിരുന്നു; ഒറ്റക്കെട്ട്

അദ്ധ്യാപകർ ആദിന-

ന്ദനം  നൽകും ഒരുപാട്

പഠിപ്പിക്കും ഒരുപോലെ

ജയിക്കും ഒന്നിനൊന്ന് മുന്നിലായി

ചിരിപ്പിക്കും എല്ലാവരെയും

ചിന്തിപ്പിക്കും ഓരോരുത്തരെയും

കൊച്ചു കൊച്ചു സന്തോഷങ്ങൾ

കോർത്തു വെക്കുന്ന

സൗഹൃദം ഉണ്ടായിരുന്ന എനിക്ക്




**റിഷാന ഷെറിൻ**

**9 ഡി**

# മഴയിൽ കുതിർന്ന സ്വപ്നങ്ങൾ



ആശകൾ തീരാതെ കരയുന്ന
വാനമതു മഴയായിഭൂമിയിൽ വന്നിടുന്നു.
കഴിയില്ല വേദന മാറില്ല വേദന
മഴയായി ഭൂമിയിൽ പെയ്തിടുന്നു.
തീർന്നില്ല മഴയുടെ ശൗര്യമതി-
പ്പോഴും ഓരോ മനസ്സിലും പെയ്തിടുന്നു.

തോരാതെ തോരാതെ പെയ്തൊഴിയുന്ന
മഴയുടെ തീരാ രോദനങ്ങൾ.
മനുഷ്യ മനസ്സിനെ ഭയമുള്ളതാക്കി
തീകോരിയിട്ട് ഒരുനാളാണിത്.
ആ ദിനമോർത്ത് കരയുന്ന
മാനവർ, വേദനയോടിതാ ചൊല്ലിടുന്നു.



പെയ്തൊഴിയാത്ത മഴയുടെ ശബ്ദ-
ങ്ങളിപ്പോഴും കേൾക്കുന്നു കാതുകളിൽ.
അതു മുഴങ്ങിടുന്നു നെഞ്ചുകളിൽ.
പെയ്തൊഴിയാതെ കരയുന്ന വാനമതു
മഴയായ മുത്തുകൾ പൊഴിച്ചിടുന്നു,
ഭുവിൽ മഴയായ മുത്തുകൾ വിതറിടുന്നു.

**സാറ ജോഷി 9 സി**

# നിശാഗന്ധി

നിശാഗന്ധി പൂക്കും കാലം



ഞാൻ മയങ്ങും യാമം

സുഗന്ധം ഒരു കാറ്റായി വന്നു

സുഗന്ധം എന്നെ  തഴുകിയുണർത്തി

പുഷ്പ  സുഗന്ധം ഏറ്റു ഞാൻ.

അമ്പിളി ഉദിച്ച രാത്രികാലം

ഞാൻ എഴുന്നേറ്റുനിന്ന്  ജനാലക്കരി-

കിലാപൂവിൻ   സുഗന്ധമനുഭവിച്ചു ഞാൻ



നിൻ മൃദു ദളങ്ങൾ ആരു നൽകി-

എൻ  പ്രിയ നിശീഥിനി പുഷ്പമേ

നിൻ അരികിൽ ഞാൻ   വന്നെ-

ത്തും  നിശീഥിനീ തൻ

പ്രണയിനിയേ..........

**ദേവിക പി.യു   9   ബി**

# പുനർജന്മം

കൊടും മാരി നിന്നെ തകർത്തെങ്കിലും

പുനർജനിച്ച നീ  ഒരപ്സരസായി




ഒരായിരം കൈകൾ കൈകോർത്തു

നിന്നെ താങ്ങാൻ,  പുനർസൃഷ്ടിക്കാൻ

മഹാമാരി നിന്നെ വീഴ്ത്താൻ നോക്കി

എങ്കിലും നീ പിടിച്ചുനിന്നു

വികൃതമായിരുന്നു നിൻറെ മുഖം



നവ പ്രഭയാൽ മിന്നി

നിൻ പച്ച പുടവ മഹാമാരിയിൽ

ഒലിച്ചു പോയെങ്കിലും

നിൻ പുനർജന്മത്തിൽ

ശോഭയോടെ നിനക്ക് വീണ്ടുകിട്ടി

**ഹൃദ്യ മരിയ ബെന്നി     9 ബി**

# കുടുംബം



കുടുംബ ജീവിതത്തിൻ വഴിത്തിരിവിൽ

ആഴങ്ങൾ അറിയാതെ കുരുന്നുകൾ
മാതൃത്വത്തിൻ മധുരം അറിഞ്ഞിടാതെ
കുടുംബ വേർതിരിവിൽ വീണിടുന്നു.

പഴമതൻ ഓളങ്ങളിൽ
കൂട്ടുകുടുംബത്തിൻമഹിമയിൽ
ഒത്തൊരുമയുടെ ജീവിതം
വെള്ളി വെളിച്ചമായി തിളങ്ങിയിരുന്നു .

അവധിക്കാല ഓർമ്മയിൽ
ഒത്തുകൂടലിന് ഓർമ്മ നരകൾ
ഓണത്തുമ്പിക്കു പിന്നാലെ
എങ്ങോ മാഞ്ഞു പോയിടുന്നു

പഴമതൻമണ്ണിൽ കളിച്ചതും
പുതുമണ്ണിൻ സുഗന്ധം ശ്വസിച്ചതും
മുത്തശ്ശി കഥയിൽ മാധുര്യം നുണഞ്ഞതും
കുട്ടി മനസ്സിൻ പാൽപുഞ്ചിരി
ഇന്നും മനസ്സിൽ തെളിഞ്ഞിരുന്നു



ഇന്നിതാ മാറി കാലത്തിൻ തിരയിൽ
വന്നെത്തി കുടുംബത്തിൻ അതിർവരമ്പുകൾ
ഉയരങ്ങളിൽ ജീവിതം വാണിടുന്നു
നാലും മറക്കു ചുറ്റും ഒതുങ്ങീടുന്നു

ജീവിതത്തിൽ തിരക്കിൽപെട്ട്
കുടുംബത്തിൻ കടമ മറന്നീടവേ
പരസ്പര ബന്ധം പുലർത്തീടാതെ
ദിനമിതു തള്ളിനീക്കീടുന്നു.

കാലത്തിനപ്പുറം കാലങ്ങൾ മറിഞ്ഞാലും
ജീവിതത്തിനപ്പുറം ജീവിതം മാറിയാലും
കൂട്ടുകുടുംബത്തിൻ പവിഴമുത്തുകൾ
എന്നും മിന്നിത്തിളങ്ങിടുന്നു................

**അക്ഷര കെ എസ് 9 എ**

# വിഡ്ഢിയായ കാക്ക

ഒരിടത്ത് ഒരു കാക്ക ഉണ്ടായിരുന്നു. ആ കാക്കയ്ക്ക് വളരെ സങ്കടമായിരുന്നു. തൻറെ നിറംകറുപ്പാണ് എന്നതാണ് കഥയുടെ വിഷമം. ഒരുദിവസം കാക്ക ഒരു പുഴയുടെ കരയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ അതാ അവിടെ സുന്ദരി കൊക്ക് നിന്ന് കുളിക്കുന്നു. കൊക്കാകട്ടെ താൻ വെളുത്ത താണെന്ന് പറഞ്ഞു അഹങ്കരിച്ചു.






കൊക്കിനെ കണ്ട കാക്ക ചോദിച്ചു: " നീ എങ്ങനെയാണ് ഇത്രയ്ക്കും വെളുത്തത് എന്ന്".

അപ്പോൾ കൊക്ക് പറഞ്ഞു, ഞാനെന്നും ഈ പുഴയിൽ വന്നാണ് മുങ്ങിയും താന്നു കുളിക്കുന്നത്. ഇങ്ങനെ പറഞ്ഞുകൊണ്ട് കൊക്ക് കാക്കയെ പരിഹസിച്ചു. ഇത് കേട്ട് കാക്ക വിചാരിച്ചു.

" ഞാൻ കൊക്ക് പറഞ്ഞതുപോലെ കുളിച്ചാൽ ഞാനും വെളുക്കും." അങ്ങനെ പിറ്റേദിവസം കാക്ക കരയിലേക്ക് വന്നു. എന്നിട്ട് മുങ്ങി കുളിക്കാൻ തുടങ്ങി. "ഒന്ന്... രണ്ട്... മൂന്ന്...."

കുറേനേരം കഴിഞ്ഞപ്പോൾ വെള്ളത്തിലെ തണുപ്പ് കാക്കയുടെ ശരീരത്തിലേക്ക് എത്തി കാക്ക വിറച്ചുതുടങ്ങി.

എന്നാലും കാക്ക തോറ്റു കൊടുത്തില്ല. "മുപ്പത്തിനാല്.... മുപ്പത്തിയഞ്ചു.... മുപ്പത്തിയറു...."

കാക്ക ആകെ തളർന്നു. എങ്കിലും കാക്ക നൂറ് തവണ മുങ്ങിക്കുളിച്ചു.

അങ്ങനെ കാക്ക തുവെള്ള നിറം വന്ന് ചിറകടിച്ച് പറക്കുന്നതും സ്വപ്നം കണ്ട് കാക്ക കരയിലേക്ക് വീണു. ഇതുകണ്ട് കൊക്ക് കാക്കയെ പരിഹാസത്തോടെ നോക്കി പറന്നുയർന്നു.

**നന്ദനപി.എസ് 9 സി**

# മറുപടിപറയുന്ന പുഴകൾ

ആരോരും അറിയാതെ എഴുതുന്ന
 ഞാനീ-  കവിതകൾ ഓരോന്നും  ചൊല്ലിടുമീ

യാമം-"  എന്നെ ഭയപ്പെടുത്തുന്ന ഈ പേമാരി,
എന്നെ അല്ലൽ ഏൽപ്പിക്കുന്ന  പ്രളയം"



ഇരുട്ടിൽ വെളിച്ചമായി  ആരോരും ഇല്ല.
പ്രളയക്കെടുതിയിൽ കരയുന്നഎത്രയെത്ര

കുടുംബങ്ങൾ -" മനുഷ്യ മനസ്സിൻറെ ദുർവാശി
കാരണം-"
മറുപടി
പറയുന്ന
ഒഴുകുന്ന പുഴകൾ"



ഇത്രനാൾ യാതൊന്നും മിണ്ടാതെ,
 ക്രൂരതകൾ സഹിച്ച ഒഴുകുന്ന പുഴകൾ.

ഇപ്പോൾ മറുപടി പറയുന്ന,
മറുപടിയിൽ ഒലിച്ചുപോകുന്ന
നമ്മളോരോരുത്തരും.
മറുപടിയിൽ ഒലിച്ചുപോകുന്ന ഭൂപ്രകൃതി.

( പ്രളയ സന്ദർഭങ്ങൾ...)

**അൻസിയ   നസീർ**
**9  എ**

# ഞാൻആശിക്കുന്നു.................







പതിവുപോലെ ഞാൻ നേരത്തെഎഴുന്നേറ്റു . എൻറെപ്രഭാതകർമ്മങ്ങൾ നടത്തിയശേഷം , പാടവരമ്പിലൂടെ നടക്കുകയായിരുന്നു . പല്ല് തേക്കാനും , കുളിക്കാനോ , എന്തിന് കുടിക്കാൻ പോലും വെള്ളമില്ല . അങ്ങനെ ആ കൊടുംചൂടത്ത് ഞാൻ ഇറങ്ങി തിരിച്ചു . വഴിയിൽ കുറെ സ്ത്രീകളെയും, കുട്ടികളെയും കണ്ടു, അവർ സമീപ ഗ്രാമത്തിലേക്ക് വെള്ളംതേടി പോകുന്നതാണ് . ആ പോക്ക് എവിടെ അവസാനിക്കും എന്ന് എനിക്കറിയില്ല . വെള്ളം കിട്ടിയാൽ കിട്ടി ,. അയ്യോ ഞാൻ മറന്നുപോയി . ദിനേശന് ഭാര്യ ഇന്നലെ പ്രസവിക്കുന്നു . ഡോക്ടർ മുൻപ് പറഞ്ഞിരുന്നു . ഒന്നില്ലെങ്കിൽ കുട്ടി അല്ലെങ്കിൽ അമ്മ, കാരണം ഉണ്ട് ഒന്ന് തൊട്ടു നനയ്ക്കാൻ പോലും വെള്ളമില്ലാത്ത ഗ്രാമത്തിലാണ് അവൾ കഴിയുന്നത് . ഞങ്ങളെല്ലാവരും വീട്ടിലെ കൂടിനിന്നു . എല്ലാവരും വലിയ ആകാംക്ഷയിലാണ് . കുഞ്ഞ് ഒരു പെൺകുട്ടിയാണ് . എന്നാൽ മുലപ്പാൽ തീരെയില്ല . എന്തിന് ആ കുഞ്ഞിനെ തൊട്ട് നനയ്ക്കാൻ പോലും വെള്ളമില്ല . ആ കുഞ്ഞ്വെള്ളമില്ലാതെ , അമ്മയുടെ മടിയിൽ പിടഞ്ഞുമരിച്ചു . അതെല്ലാം ഞങ്ങൾ കണ്ടുനിന്നു . ഞങ്ങൾ നിസ്സഹായരാണ് . മറ്റെവിടെയും വെള്ളമില്ല  എന്തു ചെയ്യാൻ എന്തു ചെയ്യാനാ . ഞാനാശിക്കുന്നു  മനുഷ്യരുടെ ഈ ക്രൂര  പ്രവർത്തികൾ



കാരണമാണ്  ഇവിടെ ഈ അവസ്ഥ വന്നിരിക്കുന്നത് . വരുംതലമുറ . എങ്ങനെ യുടെ ജീവിക്കു ഞാനാശിക്കുന്നു , പുതിയൊരു ഭൂമി പടുത്തുയർത്താൻ . പച്ചപ്പും ജലാശയങ്ങളും , സന്തോഷവും , നിൽക്കുന്ന ഒരു പുതിയ ഭൂമി , അത് എൻറെ ആശ മാത്രമാണ് എൻറെ സ്വപ്നം മാത്രമാണ് അത് സഫലമാക്കാൻ എനിക്ക് കഴിയുമോ എന്നറിയില്ല..................**അപർണ പി പി  9 ബി**

# പിരിയുന്ന വേദന



എത്രയോ കണ്ടു നാം മാഞ്ഞുപോയി
അന്ന് നാം അറിഞ്ഞില്ല ഈ നിമിഷം എൻ-
ജീവിതത്തിൽ നീ തണലായി വരുമെന്ന്
നിൻ മുഖം എൻ മനസ്സിൽ ഒന്നല്ല
ആയിരം തിരമാലകൾക്ക് അപ്പുറം ഒരു
അല്ലലായി മാറിട്ടുമ്പോൾ
നീയെൻ അരികിൽ ഉണ്ടായിരുന്നു എന്ന്
ഞാൻ ഒന്ന് കൊതിച്ചു പോയി.
എൻ കണ്ണിൽ നിൻ ചിത്രം പതിക്കുമ്പോൾ
അറിയാതെ പ്രണയത്തിൽ നിമിഷം കടന്നുപോയി
ഇപ്പോൾ ഞാനറിയുന്നു ഒരു അമ്മയെന്ന വാക്കിൽ
എത്രയോ ശാഖകൾ ഉണ്ടെന്നുവെന്ന്
കാണാൻ കൊതിക്കുന്ന ഈ രാത്രി നിൻറെ
മുഖമാണ് എന്നിൽ സ്വപ്നസാഗരം നിറയ്ക്കുന്നത്.
ഒന്ന് നോക്കാൻ മടി കാണിക്കുന്ന നമ്മൾ
ഇന്ന് അകന്നിരുന്ന കണ്ണുനീർ പൊഴിക്കുന്നു.
എൻ മനസ്സിനെ വിതുമ്പലിൽ
നീയൊന്നു അടുത്തിരുന്നെങ്കിൽ ആഗ്രഹിച്ചുപോയി.
അറിയില്ല, എന്നോട്
രാത്രിയും പകലും പറയുന്നതെന്തെന്ന്
കാത്തിരിക്കുകയാണ് ഓരോ രാവും പകലും
നിൻ മുഖം കാണാൻ, ഒന്നു മിണ്ടാൻ.
അമ്പലമുറ്റം വിതച്ച പ്രണയ നാമ്പുകൾ
ആൽ ചുവട്ടിൽ പൊഴിച്ച മധുര വാക്കുകൾ
എന്നിൽ നീ അകന്നു ഇട്ടുമ്പോൾ-

ഓർമകളെ കൂടെയുണ്ട് ആ നിമിഷം.



എൻ സ്പർശനം നിന്നിൽ ഒന്നു
അറിയിക്കാൻ
ആയിരം നാളുകൾ കൊതിക്കുകയാണ്
ഈ ഏഴു ദിനങ്ങളിൽ, ഒരുതവണ
അറിയാതെ
നിന്നോട് പറയും, എൻ പ്രണയ
സ്പർശനം.
അന്ന് നീ എൻ മനസ്സ് കവരുകയാണിൽ
ഏഴ് ജന്മം കൂടെയായി ഉണ്ട് ഞാൻ അരികിൽ തന്നെ.............................

**അക്ഷര കെ എസ്**
**9 എ**




# നന്ദി !!